## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281** 02-03-2023 - ൽ മറുപടിയ്ക്ക്

## കെ.റ്റി.യു. ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതിയ നാമനിർദ്ദേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാങ്കേതിക സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറ് പേരെ കൂടി നാമനിർദ്ദേശം ചെയ്യുവാനുള്ള നിയമഭേദഗതി ഉൾപ്പെട്ട ഓർഡിനൻസിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ടു 2021- ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല (ഭേദഗതി) ഓർഡിനൻസ്, 39 -ാം നമ്പർ ആയി പുറപ്പെടുവിക്കുകയും ആയത് യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ാം നമ്പർ ഓർഡിനൻസിനു പകരമായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ഇപ്പോഴും സിൻഡിക്കേറ്റിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (സി) | എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർ തുടരുന്നതെന്ന് വിശദമാക്കാമോ; | (സി) | ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത അംഗങ്ങൾ അനധികൃതമായി സിൻഡിക്കേറ്റിൽ തുടർന്നത് സർവകലാശാല | (ഡി) | ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്ന് |

| | | | |
|---|---|---|---|
| | സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ച് എന്ന് വിശദമാക്കാമോ? | | വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ